"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - വ്യാജവാർത്തകൾ കണ്ടെത്തി നടപടികൾ എടുക്കുന്നതിന് വകുപ്പിന്റെ കീഴിൽ ഫാക്ട് ചെക് ഡിവിഷന് രൂപീകരിച്ചും, ഇതിന്റെ പ്രവർത്തനലക്ഷ്യങ്ങൾ, വിപുലീകരണം, കോവിഡ് 19 കാലയളവിന് ശേഷമുള്ള ഡിവിഷന്റെ ഘടന എന്നിവയുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.87/2020/ഐ & പി.ആര്** തീയതി,തിരുവനന്തപുരം, 22/06/2020

പരാമർശം:- 1 04.04.2020 -ൽ ബഹു. മുഖ്യമന്ത്രിയുടേ അധ്യക്ഷതയിൽ ചേർന്ന യോഗം.

2 ഡയറക്ടർ, ഐ&പിആർഡി സമർപ്പിച്ച പ്രൊപ്പോസൽ.

**ഉത്തരവ്**

കോവിഡ് 19 നിയന്ത്രണ കാലയളവിൽ വ്യാജവാർത്തകൾ/സന്ദേശങ്ങൾ കണ്ടെത്തുന്നതിന് ഒരു ഫാക്ട് ചെക് ഡിവിഷൻ രൂപീകരിക്കുന്നതിന് പരാമർശം (1) പ്രകാരം ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചിരുന്നു. ആന്റി ഫേക് ന്യൂസ് ഡിവിഷൻ - കേരള എന്ന പേരിൽ വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ച ഡിവിഷന്റെ പുനഃനാമകരണം, പ്രവർത്തനവിപുലീകരണം, പ്രവർത്തനലക്ഷ്യങ്ങൾ, കോവിഡ് 19 കാലയളവിന് ശേഷമുള്ള ഡിവിഷന്റെ ഘടന എന്നിവ സംബന്ധിച്ച് പരാമർശം (2) പ്രകാരം ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വ്യാജവാർത്തകൾ കണ്ടെത്തി നടപടികൾ എടുക്കുന്നതിന് വകുപ്പിന്റെ കീഴിൽ Fact-Check Division രൂപീകരിച്ചും, ഇതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, വിവിധ വകുപ്പുകളുടെ സേവനം ഏകോപിപ്പിക്കുന്നതിനായി വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഗവർണിങ് കൗൺസിൽ രൂപീകരിച്ചും ഉത്തരവാകുന്നു.

1. സെക്രട്ടറി, ഐ&പിആർഡി (ചെയർമാൻ)

2. ഡയറക്ടർ, ഐ&പിആർഡി (കൺവീനർ)

3. ശ്രീ. മിർ മുഹമ്മദ് അലി ഐ എ എസ് (അഡ്വൈസർ)

അംഗങ്ങൾ

4. പോലീസ്, ഐ.ടി, ആരോഗ്യം, റവന്യൂ വകുപ്പുകളിലെ സീനിയർ ഉദ്യോഗസ്ഥർ.

5. രണ്ട് മാധ്യമങ്ങളിൽ നിന്നുള്ള എഡിറ്റർമാർ (സർക്കാർ നാമനിർദ്ദേശം ചെയ്യുന്നവർ)

6. ഒരു സൈബർ സെക്യൂരിറ്റി വിദഗ്ധൻ

7. ഒരു ഫാക്ട് ചെക്കിങ് വിദഗ്ധൻ

8. സൈബർഡോം, ഫോറൻസിക് വിഭാഗങ്ങളുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ

9. സി ഡിറ്റ് വെബ് വിഭാഗത്തിൽ നിന്നുള്ള ഒരു ഉദ്യോഗസ്ഥൻ.

3. Fact-Check Division-ന്റെ പ്രവർത്തനലക്ഷ്യങ്ങൾ, വിപുലീകരണം എന്നിവയുമായി ബന്ധപ്പെട്ട് വിശദമായി മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**(i) വെബ് പോർട്ടൽ:**

സാമൂഹ്യ മധ്യമങ്ങളിലുള്ള അക്കൗണ്ടുകൾ കൂടാതെ ഡിവിഷന്റെ പ്രവർത്തനങ്ങൾക്കായി ഒരു വെബ് സൈറ്റ് രൂപീകരിക്കേണ്ടതാണ്. സാമൂഹ്യമാധ്യമങ്ങളിൽ സജീവമല്ലാത്തവർക്കും വെബ് സൈറ്റ് അനായാസം ഉപയോഗിക്കാമെന്നുള്ളത് കൊണ്ട് പൊതുജനപങ്കാളിത്തം ഉറപ്പാക്കാനുള്ള സൗകര്യങ്ങൾ ഉൾക്കൊള്ളിച്ച് ഡിവിഷന്റെ ഉപയോഗാർത്ഥം - factcheck.kerala.gov.in - എന്ന പേരിൽ ഒരു വെബ് പോർട്ടൽ തയ്യാറാക്കേണ്ടതും, ഇതിന്റെ രൂപകൽപ്പന, നിർമാണം എന്നിവ സി.ഡിറ്റ് മുഖാന്തിരം നിർവ്വഹിക്കേണ്ടതുമാണ്.

**(iii) ഡിവിഷന്റെ പേര്, ഘടന, നടത്തിപ്പ് :**

1. ഡിവിഷന്റെ പൂർണ ഭരണചുമതല ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്കായിരിക്കും.

2. **IPRD FACT CHECK** എന്ന പേരിലായിരിക്കും പ്രസ്തുത ഡിവിഷൻ അറിയപ്പെടുന്നത്.

3. പരാമർശം (1) പ്രകാരം ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം പ്രസ്തുത ഡിവിഷനിൽ ആരോഗ്യവകുപ്പ്, പോലീസ് സൈബർഡോം, ഐ.ടി. മിഷൻ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിലെ ഉദ്യോഗസ്ഥർ അംഗങ്ങളായിരിക്കും.

4. അധികമായ വേണ്ട മാനവവിഭവശേഷി: സോഷ്യൽ മീഡിയ എഡിറ്റിംഗിനായി രണ്ടു പേരെയും, ഗ്രാഫിക് ഡിസൈനിങ്, വീഡിയോ എഡിറ്റിങ് എന്നിവ കൈകാര്യം ചെയ്യാൻ ഒരാളെയും സി.ഡിറ്റ് മുഖാന്തിരം ലഭ്യമാക്കേണ്ടതും, കൂടാതെ വകുപ്പിലെ ഒരു അസിസ്റ്റന്റ് എഡിറ്ററുടെ സേവനം ഇതിനായി ലഭ്യമാക്കേണ്ടതുമാണ്.

5. വ്യാജ വാർത്തകൾ/സന്ദേശങ്ങൾ എന്നിവ കണ്ടെത്താനും, സമയബന്ധിതമായി അവ പരിശോധിച്ച് തീരുമാനവും, നടപടികളും കൈക്കൊള്ളുന്നതിന് മറ്റ് വകുപ്പുകളിലെ

ഉദ്യോഗസ്ഥരുടെ സേവനം അനിവാര്യമാണ്. ഇതിനായി ഇന്റർ-ഡിപ്പാർട്ട്മെന്റൽ കോ-ഓർഡിനേഷൻ സമിതിയിലെ നോഡൽ ഓഫീസർമാരുടെ സേവനം ലഭ്യമാക്കേണ്ടതാണ്.

6. ഡിവിഷന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ ഏകോപനത്തിനും, മറ്റ് വകുപ്പുകളുമായുള്ള ആശയവിനിമയം, ഏകോപനം എന്നിവയ്ക്കായി ഒരു ഇൻഫർമേഷൻ ഓഫീസറുടെയും, രണ്ട് അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസറുടെയും സേവനം ലഭ്യമാക്കേണ്ടതാണ്.

**(iii) പ്രവർത്തന ലക്ഷ്യങ്ങൾ:**

1. സർക്കാർ സംബന്ധമായ വാർത്തകൾ, വിവരങ്ങൾ അടിസ്ഥാനമാക്കിയുള്ള വ്യാജവാർത്തകൾ/സന്ദേശങ്ങൾ കണ്ടെത്തുക.

2. അപ്രകാരം കണ്ടെത്തുന്ന വ്യാജ വാർത്തകൾ/സന്ദേശങ്ങൾ എന്നിവയുടെ നിജസ്ഥിതി സമയബന്ധിതമായി ഔദ്യോഗിക സ്രോതസ്സുകളിലൂടെ സ്ഥിതീകരിക്കുക.

3. കണ്ടെത്തുന്ന വ്യാജവാർത്തകൾ, സന്ദേശങ്ങളിൽ ഗുരുതരമായവ നിയമനടപടികൾക്കായി കേരള പോലീസ് സൈബർഡോമിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. ഡിവിഷന്റെ കണ്ടെത്തലുകൾ വെബ് സൈറ്റ്, സാമൂഹിക മാധ്യമങ്ങൾ എന്നിവ വഴി പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കേണ്ടതാണ്.

**(iv) ജില്ലകളിൽ ഇന്റർനെറ്റ് ഇൻഫർമേഷൻ സെല്ലുകൾ**

1. വകുപ്പ് ഡയറക്ടേറ്റിൽ മേല്പറഞ്ഞ രീതിയിൽ ഫാക്ട് ചെക് ഡിവിഷൻ രൂപീകരിക്കുമ്പോൾ, ജില്ലാ ഇൻഫർമേഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് ഒരു ഇൻറർനെറ്റ് ഇൻഫർമേഷൻ സെൽ രൂപീകരിക്കേണ്ടതാണ്.

2. ഇതിന്റെ പ്രവർത്തനത്തിനായി ജില്ലാ ഇൻഫർമേഷൻ ഓഫീസറുടെ കീഴിൽ എംപാനൽ ചെയ്തിട്ടുള്ള സബ് എഡിറ്റേഴ്സ്, കണ്ടന്റ് ഡെവലപർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്. അപര്യാപ്തമെങ്കിൽ അധികമായി ആവശ്യമുള്ള സബ് എഡിർ കണ്ടൻറ്റ് ഡെവലപർ എന്നിവരെ എംപാനൽ ചെയ്ത് നിയോഗിക്കേണ്ടതാണ്.

**(v) പരിശീലനവും മാനവവിഭവശേഷി ലഭ്യതയും**

1. വകുപ്പ് ആസ്ഥാനത്തുള്ള ഫാക്ട് ചെക് ഡിവിഷനും, ജില്ലാ സെല്ലുകളിൽ നിയോഗിച്ചിട്ടുള്ളവർക്കും, ആവശ്യമെങ്കിൽ ഗവർണിങ് കൗൺസിൽ അംഗങ്ങൾക്കും പരിശീലനം നൽകേണ്ടതാണ്.

2. കോവിഡ് 19 കാലയളവ് പരിഗണിച്ച് പരിശീലനം ഓൺലൈൻ ആയി നൽകുന്നതിന് മുൻഗണന നൽകേണ്ടതും, പരിശീലനം നൽകുന്നതിനായി സർക്കാർ / സ്വകാര്യ മേഖലയിലെ വിദഗ്ധരുടെ സേവനം തേടേണ്ടതുമാണ്.

3. ആരംഭത്തിൽ വകുപ്പിൽ നിന്ന് ഫാക്ട് ചെക്കിങ് ഡിവിഷന്റെ ചുമതലകൾക്കായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ കുറഞ്ഞത് രണ്ട് വർഷമെങ്കിലും ഇതിന്റെ ഭാഗമായി

പ്രവർത്തിക്കേണ്ടതും, തുടർന്ന് പുതിയ ആൾക്കാരെ കണ്ടെത്തി പരിശീലനം നൽകി പ്രവർത്തനം മുന്നോട്ട് പോകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**വേണുഗോപാൽ.പി**
**സെക്രട്ടറി**

ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യാ വകുപ്പ്

ആരോഗ്യ വകുപ്പ്

റവന്യൂ വകുപ്പ്.

സംസ്ഥാന പോലീസ് മേധാവി

ഡയറക്ടർ, വിവരപൊതുജനസമ്പർക്ക വകുപ്പ്.

ജില്ലാ കളക്ടർ (എല്ലാ ജില്ലകളും)

ജില്ലാ ഇൻഫർമേഷൻ ഓഫീസർ (എല്ലാ ജില്ലകളും)

ഡയറക്ടർ, ഐ.റ്റി മിഷൻ, കേരള

രജിസ്റ്റാർ, സി-ഡിറ്റ്, തിരുവനന്തപുരം.

സൈബർ സെൽ, കേരള

സെബർ ഡോം, കേരള പോലീസ്

അഡീഷണൽ ഡയറക്ടർ (G&A)

ഇൻഫർമേഷൻ ഓഫീസർ (പ്ലാനിംഗ്)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: 1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സെക്രട്ടറിയുടെ സി.എ.